ഉത്തരം

(എ)&(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ചെങ്ങമനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നടപടി

162 (1631) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കംകൊണ്ട് ചോർന്നൊലിക്കുന്നതും സ്ഥലസൗകര്യം കുറഞ്ഞതുമായ ഒരു കെട്ടിടത്തിലാണ് 'ചെങ്ങമനാട്' സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പ് വർഷത്തെ ബഡ്ജറ്റിൽ മതിയായ തുകയുണ്ടെങ്കിലും സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ചെങ്ങമനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസ് അറ്റകുറ്റപ്പണി

163 (1632) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജൂൺ 1-ന് മണ്ണൂർക്കാടുണ്ടായ കാലവർഷം കാരണം മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിന് മുകളിൽ മരം വീണ് ഓഫീസ് കെട്ടിടം തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഈ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നഷ്ടം കണക്കാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിടത്തിന്റെ മുൻവശമുള്ള മുറിയിലെ ചുമരുകൾക്കും മേൽക്കൂരയ്ക്കും സംഭവിച്ച സാരമായ കേടുപാടുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും മുകളിലുള്ളവരുടെയും ലിസ്റ്റ്

164 (1633) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും മുകളിലുള്ളവരുടെയും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസിദ്ധീകരിച്ച പ്രസ്തുത കണക്കിൽ ഒട്ടേറെ അപാകതകൾ ഉണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത അപാകതകൾ പരിഹരിച്ച് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. സെൻസസ് പൂർത്തീകരിച്ചിട്ടില്ല.

(ബി) ഒമ്പതാം പദ്ധതിക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ്പ്രകാരം തയ്യാറാക്കിയ സെൻസസ് ലിസ്റ്റിൽ അപാകതകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒൻപതാം പദ്ധതിക്കാലത്തേയ്ക്കുള്ള ദാരിദ്ര്യരേഖാ സെൻസസ് ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുകയും അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 10-ാം പദ്ധതിക്കാലത്തേക്ക് പുതിയ ദാരിദ്ര്യരേഖാ സെൻസസ് നടന്നുവരികയാണ്. 2003 സെപ്റ്റംബർ മാസാവസാനത്തോടെ ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി.ആർ.ഡി.എ. പദ്ധതികളിൽ എം.എൽ.എ.-മാരുടെ അഭിപ്രായമാരായാൻ നടപടി

165 (1634) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ആർ. ഡി. എ. യിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രദേശത്തെ എം.എൽ.എ.മാരുടെ അഭിപ്രായം പരിഗണിക്കപ്പെടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതികൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എം.എൽ.എ.മാരുടെ അഭിപ്രായം ആരായണമെന്ന നിർദ്ദേശം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly